**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2641** **24-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ഗ്രാമ വെളിച്ചം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന ഗ്രാമവെളിച്ചം പദ്ധതി പ്രകാരം പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. കുണ്ടറ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ബഹു. എംഎൽഎ നിർദ്ദേശിച്ച തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട ലൊക്കേഷനുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയും, നിലവിലെ നിയമ പ്രകാരം സ്ഥാപിക്കുന്ന ലൈറ്റുകളുടെ പരിപാലനവും വൈദ്യുതി ചാർജ്ജും ഒടുക്കുവാൻ സന്നദ്ധതയും ലഭിക്കേണ്ടതായിട്ടുണ്ട്. ആയത് ലഭിക്കുന്നതിനായി പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലേയ്ക്ക് ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെളിയം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 15.06.2024-ന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (ബി) | സ്ട്രീറ്റ് മെയിനുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പോസ്റ്റ് സ്ഥാപിച്ച് ഒരു എൽഇഡി ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2024 ഫെബ്രുവരി മാസത്തിൽ ബഹു. എംഎൽഎ വിളിച്ചുചേർത്ത യോഗത്തിൽ ആവശ്യപ്പെട്ട പ്രകാരം 3 എൽഇഡി ലൈറ്റ് ഒരു പോസ്റ്റിൽ എന്ന മാതൃകയിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ആയതിലേക്കായി പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലേയ്ക്ക് ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെളിയം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ 15.06.2024-ന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ